**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 52

02.03.2020 ൽ മറുപടിയ്ക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.സി.ജോസഫ്**<br>**,, കെ.എസ്.ശബരീനാഥൻ**<br>**,, വി.പി.സജീന്ദ്രൻ**<br>**,, സണ്ണി ജോസഫ് :** | | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി ) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് എന്നത്തേക്ക് നടത്തുവാനാണ് പദ്ധതിയിട്ടിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | മട്ടന്നൂർ ഒഴികെ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിലവിലെ ഭരണസമിതിയുടെ കാലാവധി 11.11.2020 നാണ് അവസാനിക്കുന്നത്. അതിനാൽ മട്ടന്നൂർ നഗരസഭ ഒഴികെയുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും അതിന് മുമ്പ് പൊതു തെരഞ്ഞെടുപ്പ് നടത്തുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. |
| (ബി) | പ്രസ്തുത തെരഞ്ഞെടുപ്പിന് 2019-ലെ വോട്ടർ പട്ടികയ്ക്ക് പകരം 2015-ലെ വോട്ടർ പട്ടിക ഉപയോഗിക്കുവാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | 2015 ലെ പൊതു തെരഞ്ഞെടുപ്പിനോ അതിന് ശേഷം നടന്ന ഉപ തെരഞ്ഞെടുപ്പുകൾക്കോ ഉപയോഗിച്ച വോട്ടർപട്ടിക അടിസ്ഥാനമാക്കി 2020 ലെ വോട്ടർ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികളാണ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സ്വീകരിച്ചിരുന്നത്. 2015 ലെ പൊതു തെരഞ്ഞെടുപ്പിന് മുന്നോടിയായി തദ്ദേശ സ്ഥാപനങ്ങളുടെ വാർഡ് തല വോട്ടർപട്ടികയുടെ സ്വന്തമായ ഒരു ഡാറ്റാബേസ് കമ്മീഷൻ തയ്യാറാക്കിയിരുന്നു. 2014 ലെ പാർലമെന്റ് തെരഞ്ഞെടുപ്പിന് ഉപയോഗിച്ച അസംബ്ലി ബൂത്ത് തല വോട്ടർപട്ടിക ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാർ മുഖാന്തിരം ഫീൽഡ് പരിശോധന നടത്തി തദ്ദേശ സ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുടെ വാർഡ് തലത്തിൽ ക്രമീകരിച്ചാണ് അത്തരത്തിൽ തയ്യാറാക്കിയത്. പ്രസ്തുത വോട്ടർ പട്ടിക 2015 ലെ പൊതു തെരഞ്ഞെടുപ്പിനും അതിന് ശേഷം നടന്ന ഉപ തെരഞ്ഞെടുപ്പുകൾക്കും യഥാസമയം പുതുക്കി ഉപയോഗിച്ചിരുന്നു.<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ് വാർഡ് തലത്തിൽ നടക്കുന്നതിനാൽ ഓരോ വാർഡിനും പ്രത്യേകം പ്രത്യേകം വോട്ടർപട്ടിക തയ്യാറാക്കേണ്ടതുണ്ട്. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാക്കിയ 2019 ലെ വോട്ടർപട്ടിക അസംബ്ലി ബൂത്ത് തലത്തിലാണ്. ഒരു അസംബ്ലി ബൂത്ത് പ്രദേശത്ത് ഒന്നിലധികം തദ്ദേശ വാർഡുകൾ ഭാഗികമായി ഉൾപ്പെട്ട് വരുന്നതിനാൽ അവ അതേ രൂപത്തിൽ തദ്ദേശസ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിന് ഉപയോഗിക്കാൻ കഴിയില്ല എന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ പറയുന്നു. |
| (സി) | 2015-ലെ വോട്ടർ പട്ടിക ഉപയോഗിക്കുവാനുള്ള വിജ്ഞാപനം ഹൈക്കോടതി ഡിവിഷൻ ബഞ്ച് റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ കോടതി പ്രസ്തുത വിജ്ഞാപനം റദ്ദാക്കുന്നതിന് ഉണ്ടായ കാരണമെന്താണെന്ന് അറിയിക്കാമോ; | (സി) | ഉണ്ട്. 2015 ലെ പൊതു തെരഞ്ഞെടുപ്പിനോ അതിന് ശേഷം നടന്ന ഉപ തെരഞ്ഞെടുപ്പുകൾക്കോ ഉപയോഗിച്ച വോട്ടർപട്ടിക അടിസ്ഥാനമാക്കി 2020 ലെ വോട്ടർ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികളാണ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിരുന്നത്. എന്നാൽ, 2015 ലെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ഇലക്ടൽ റോൾ അടിസ്ഥാനമാക്കി വോട്ടർപട്ടിക തയ്യാറാക്കണമെന്ന് നിർദ്ദേശിച്ച കമ്മീഷന്റെ ഉത്തരവ് ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് അംഗീകരിച്ചു. പരാതിക്കാർ അപ്പീൽ നൽകിയതനുസരിച്ച് ഡിവിഷൻ ബഞ്ച് സിംഗിൾ ബഞ്ചിന്റെ വിധി റദ്ദാക്കി. |
| (ഡി) | ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ തീരുമാനത്തിനെതിരെ അപ്പീൽ നൽകുവാൻ സംസ്ഥാന | (ഡി) | ഉണ്ട്. സുപ്രീം കോടതി അപ്പീൽ ഹർജിയിൽ പ്രാരംഭ വാദം കേട്ടതിനുശേഷം പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് പ്രകാരം ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധി സ്റ്റേ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ടോ; ഇപ്രകാരം അപ്പീൽ നൽകുന്നത് തെരഞ്ഞെടുപ്പ് നടപടികൾ താമസിപ്പിക്കുവാൻ ഇടയാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പ് കാലതാമസം ഉടനെ നടത്തുന്നതിനുള്ള നടപടികളാണ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സ്വീകരിച്ച് വരുന്നത്. |
| (ഇ) | പ്രസ്തുത കേസ് സുപ്രീം കോടതിയിൽ വാദിക്കുവാൻ പുറമെ നിന്നുള്ള അഭിഭാഷകരുടെ സേവനം ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആരുടെ സേവനമാണ് ഇക്കാര്യത്തിൽ തേടുന്നത് എന്ന് അറിയിക്കാമോ? | (ഇ) | ഉണ്ട്. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് സുപ്രീം കോടതിയിൽ കേസ് വാദിക്കുന്നതിന് സ്വന്തമായി സ്റ്റാന്റിങ് കൗൺസൽ ഇല്ലാത്തതിനാൽ സുപ്രീംകോടതി അഭിഭാഷകനായ ശ്രീ. കെ. പരമേശ്വർ മുഖാന്തിരമാണ് സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**